(സി) ബഡ്ജറ്റിൽ മതിയായ തുക ഉൾക്കൊള്ളിച്ചതിനുശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

(507) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; എസ്റ്റിമേറ്റ് സംഖ്യ എത്രയാണ്; എത്ര നില കെട്ടിടം ആണ് നിർമ്മിക്കുന്നത് ; അതിന്റെ വിസ്തീർണ്ണം എത്രയാണ് ;

(ബി) എന്നാണ് ഇതിന് ഭരണാനുമതി നൽകിയത് ; ടി.എസ്.ഒ. എസ്.എസ്.ഒ. ലഭ്യമാക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; മിനി സിവിൽ സ്റ്റേഷന്റെ ഡിസൈൻ പൂർത്തിയായിട്ടുണ്ടോ ; എന്നാണ് ഡിസൈൻ തയ്യാറാക്കുന്നതിന് നൽകിയത് ; ഡിസൈൻ തയ്യാറാക്കാൻ തടസ്സം എന്തെങ്കിലും ഉണ്ടോ ;

(സി) മിനി സിവിൽ സ്റ്റേഷന്റെ വർക്ക് ടെണ്ടർ വിളിക്കുവാൻ നടപടി എടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുമോ ; എത്ര സർക്കാർ ആഫീസുകൾ ഇതിൽ പ്രവർത്തിക്കും എന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത് ; അതിന്റെ പേരുവിവരം നൽകാമോ ?

ഉത്തരം

(എ) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. 2670 ച.മീറ്റർ വിസ്തീർണ്ണത്തിൽ മൂന്നു നിലകളായി പണിയാൻ ഉദ്ദേശിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക 20 ലക്ഷം രൂപയാണ്.

(ബി) 11-10-1999-ൽ ഭരണാനുമതി നൽകി പ്രത്യേകാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഡിസൈൻ തയ്യാറാക്കുന്നതിന് 24-1-2000-ൽ ഡ്രിക്ക് ബോർഡ് ചീഫ് എൻജിനീയർക്കുനൽകി. സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തിയായിട്ടുണ്ട്.

(സി) പ്രത്യേകാനുമതി നൽകിയശേഷം സാങ്കേതികാനുമതിയും നൽകി പണി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ് ; ആകെ 21 സർക്കാർ ആഫീസുകൾ ഇവിടെ പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)*

എടിക്കര-കൈതാരം ബൈപ്പാസിന്റെ ഭരണാനുമതി

(509) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(എ) പറവൂർ നിയോജകമണ്ഡലത്തിലെ ഏടിക്കര കൊടുവള്ളി പഞ്ചായത്തുകളെ ബന്ധപ്പെടുത്തുന്നതും എൻ.എച്ചുമായി ബന്ധപ്പെടുത്തുന്നതുമായ ഏടിക്കര-കൈതാരം ബൈപ്പാസിന്റെ ഭരണാനുമതി എന്നാണ് ലഭിച്ചത് ; ഇതിന്റെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് ;

(ബി) ഏടിക്കര-കൈതാരം ബൈപ്പാസിന് ആവശ്യമായ സ്ഥലം മുഴുവനും സൗജന്യമായി ലഭിച്ചിട്ടുണ്ടോ; പാലത്തിന്റെയും റോഡിന്റെയും ഡിസൈൻ പൂർത്തിയായിട്ടുണ്ടോ ;

(സി) ഏടിക്കര-കൈതാരം ബൈപ്പാസിന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; എന്നാണ് ടെണ്ടർ ചെയ്തത് ; എത്ര പേർ ടെണ്ടർ നൽകി ; വിശദാംശങ്ങൾ വെളിവാക്കാമോ ;

(ഡി) ഏടിക്കര-കൈതാരം ബൈപ്പാസിന്റെ ടെണ്ടർ ചെയ്യാൻ സർക്കാർ പ്രത്യേകാനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ?

ഉത്തരം

(എ) 11-2-2000-ൽ 210 ലക്ഷം രൂപ.

(ബി) അപ്രോച്ച് റോഡിനുള്ള സ്ഥലം സൗജന്യമായി നൽകുവാൻ പരിസര വാസികൾ തയ്യാറായിട്ടുണ്ട്. പാലത്തിന്റെയും റോഡിന്റെയും ഡിസൈൻ പൂർത്തിയായിട്ടില്ല.

(സി) ഇൻവെസ്റ്റിഗേഷൻ നടപടികൾ പുരോഗതിയിലാണ്. ടെണ്ടർ ചെയ്തിട്ടില്ല.

(ഡി) ഇല്ല.

റോഡുപണി ആരംഭിക്കുവാൻ നടപടി

(511) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി-തോട്ടയ്ക്കാട് സ്റ്റേ എം.എൽ.എ. റോഡിന്റെ ഗോഷിക്കുന്ന വർക്കുകൾ നടത്തുവാൻ ടെണ്ടർ വിളിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടെണ്ടർ ഉറപ്പിച്ച കരാർ ഒപ്പുവച്ച പണി എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഈ റോഡിനുവേണ്ടി ഇതിനോടകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ഡി) അവശേഷിക്കുന്ന വർക്കുകൾ പൂർത്തിയാക്കുവാൻ എത്ര രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) ഈ തുകയ്ക്ക് ഭരണാനുമതി നൽകി എത്രയും വേഗം പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly